DESPATCHED
On. 21/12/21...



29/11/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ CP No.251(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.5701/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ശ്യാംകുമാർ എസ്.,<br>ലക്ഷ്മിഭവൻ, ആനപ്പെട്ടി,<br>പറപ്പാറ പി.ഒ., തിരുവനന്തപുരം-695551 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പോലീസ് ഇൻസ്പെക്ടർ,<br>വിതുര പോലീസ് സ്റ്റേഷൻ,<br>വിതുര, തിരുവനന്തപുരം | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.01.2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 05.05.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 05.05.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.07.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 22.07.2021 |
| ഹിയറിംഗ് തീയതി | 24.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ശ്യംകുമാർ എസ്. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം സമർപ്പിച്ച അപേക്ഷയിന്മേൽ എസ് പി.ഐ.ഒ. ടിയാൻ ആവശ്യപ്പെടാത്ത പകർപ്പുകൾ നൽകിയെന്നും ആവശ്യപ്പെട്ട റിക്കാർഡുകൾ അപൂർണ്ണവും അവ്യക്തവുമായുമാണ് നൽകിയെന്നും ആയതിനാൽ കമ്മീഷൻ വ്യക്തമായ മറുപടി ലഭ്യമാക്കാനും എതിർകക്ഷിക്കെതിരെ വേണ്ട നടപടി കൈക്കൊളളണ മെന്നുമാണ്.

2. ഹർജിക്കാരൻ 09.12.2020 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, ടിയാൻ 05.11.2020 ൽ രജിസ്റ്റേർഡ് പോസ്റ്റ് വഴി വിതുര പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയെ സംബന്ധിച്ച ചില വിവരങ്ങളും രേഖകളും മറ്റുമായി 6 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുളള വിവരങ്ങളാണ്. ആയതിന് എതിർകക്ഷി 14.01.2021 ൽ വിവരങ്ങൾ നൽകുകയും പകർപ്പുകൾ നൽകുന്നതിനായി ഫീസ് ഈടാക്കാൻ നിർദ്ദേശിച്ചതായും കാണുന്നു.

3. എതിർകക്ഷി 22.07.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ശ്യാമദേവി വസ്തു തർക്കം സംബന്ധിച്ച് ശ്രീ. ശ്യാംകുമാർ, ശ്രീമതി. ശ്യാമള എന്നിവർക്കെതിരെ വസ്തു ഭാഗം വക്കാൻ തടസ്സം നിൽക്കുന്നുവെന്നും മക്കളെപ്പറ്റി അപവാദങ്ങൾ പറഞ്ഞ് പരത്തുന്നുവെന്നും കാണിച്ച് പരസ്പരം പരാതികൾ നൽകിയിട്ടുളതാണെന്നും പരാതിക്കാരനും എതിർകക്ഷിയും ബന്ധുക്കളാണെന്നും ടി പരാതിയിന്മേൽ 19.11.2020 ൽ ഇരുകക്ഷികളേയും സ്റ്റേഷനിൽ വിളിപ്പിച്ച് സംസാരിച്ച് മേലിൽ പരസ്പരം ചീത്ത വിളിക്കുകയോ അപവാദങ്ങൾ പറയുകയോ ചെയ്യരുതെന്നും വസ്തുതർക്കം സർവ്വെ ഓഫീസിൽ നിന്നും അളക്കുന്ന മുറയ്ക്ക് തീർക്കാനും അതുവരെ നിലവിലുളള സ്ഥിതി തുടരാനും നിർദ്ദേശിച്ചുവെന്നും ആയതിന്മേൽ ഹർജിക്കാരൻ പരാതി തീർപ്പിന്റെയും മറ്റും പകർപ്പുകൾ ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ 14.01.2021 ൽ പരാതിക്കാരന് രജിസ്റ്റേർഡ് പോസ്റ്റ് ആയി അയച്ചുകൊടുത്തിട്ടുളളതാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ടിയാന് 22.07.2021 ൽ രജിസ്റ്റേർഡ് പോസ്റ്റ് വഴി അയച്ചുനൽകിയെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്ക് എതിർകക്ഷി സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി ടിയാൻ ആവശ്യപ്പെടാത്ത രേഖകൾ നൽകിയെന്നും ആവശ്യപ്പെട്ട രേഖകൾ അപൂർണ്ണവും അവ്യക്തവുമായാണ് ലഭ്യമാക്കിയതെന്നും മൊഴി നൽകി. കൂടാതെ ടിയാനെതിരെ കൊടുത്ത പരാതിയുടെ കോപ്പി നൽകിയില്ലെന്നും ടിയാൻ കൊടുത്ത പരാതിയുടെ കോപ്പിയാണ് നൽകിയതെന്നും ശ്രീമതി. ശ്യാമാദേവി ടിയാനെതിരെ നൽകിയ പരാതിയുടെ കോപ്പിയാണ് വേണ്ടതെന്നും മറ്റും ബോധിപ്പിച്ചു. മറ്റൊരാൾ ഹർജിക്കാരനെതിരെ നൽകിയ പരാതിയുടെ പകർപ്പ് നൽകുന്നത് പരാതി നൽകിയ ആളുടെ ഫിസിക്കൽ സേഫ്റ്റിയെ ബാധിക്കുമെന്നതിനാൽ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(ജി) പ്രകാരം നൽകേണ്ടതില്ല. എതിർകക്ഷി ടിയാന് ആവശ്യമായ രേഖകൾ മേൽ പ്രസ്താവിച്ചത് ഒഴികെ വ്യക്തമായ മറുപടിയും പകർപ്പുകളും ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസങ്ങൾക്കകം അയച്ചു നൽകി ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp